# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം: 221** — **09.03.2015-ലെ മറുപടിക്ക്**

## ചന്ദ്രബോസിന്റെ കൊലപാതകം

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
|---|---|---|
| (എ) തൃശ്ശൂർ ശോഭാ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ അതിക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തിയതു സംബന്ധിച്ച കേസ്സിലെ പ്രതി മുഹമ്മദ് നിഷാം ഇതിനു മുമ്പ് സംസ്ഥാനത്ത് എത്ര കേസ്സുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്; | (എ) | ചന്ദ്രബോസ് കൊലക്കേസിലെ പ്രതിയായ മുഹമ്മദ് നിഷാം ടി കൊലക്കേസിന് പുറമെ സംസ്ഥാനത്ത് 12 കേസുകളിൽ പ്രതി ചേർക്കപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതിൽ എത്ര കേസ്സുകൾ പോലീസിന്റെയും, പ്രോസിക്യൂഷന്റെയും വീഴ്ച കാരണം വിചാരണ ചെയ്യപ്പെടാതെ പോയിട്ടുണ്ട്; ഇതു സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ഏതെങ്കിലും തരത്തിലുള്ള വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ; | (ബി) | ടിയാനെതിരെയുള്ള കേസുകൾ പോലീസിന്റെയും പ്രോസിക്യൂഷന്റെയും വീഴ്ച കാരണം വിചാരണ ചെയ്യപ്പെടാതെ പോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) നിരന്തരം ധാർഷ്ട്യത്തോടെ നിയമലംഘനം നടത്തി കേസ്സുകളിൽ പ്രതിയായിട്ടും, പണത്തിന്റെയും ഉന്നത ബന്ധങ്ങളിലെ സ്വാധീനം കൊണ്ടും മുഹമ്മദ് നിഷാം വിചാരണ ചെയ്യപ്പെടാതെയും ശിക്ഷിക്കപ്പെടാതെയും രക്ഷപ്പെടുന്നുവെന്ന അതീവ ഗൗരവകരമായ ആക്ഷേപം ഉയർന്നുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) & (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേസുകളുടെ ഒത്തു തീർപ്പുകളെ സംബന്ധിച്ചുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ